കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.ശ്യാമ.കെ.എം ന്റെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.3054/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി, 09/11/2016

---

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ

2) ശ്രീമതി.ശ്യാമ.കെ.എം ന്റെ 08.09.2015 ലെ ശൂന്യവേതനാവധിയപേക്ഷ

3) പഞ്ചായത്ത് ഡയറക്ടറുടെ 11/01/2016 ലെ ഇ 16-43234/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.ശ്യാമ.കെ.എം ന്റെ 29.01.2015 മുതൽ 02.09.2015 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി.ശ്യാമ.കെ.എം മെഡിക്കൽ സർട്ടിഫിക്കറ്റുകളും 03.09.2015 തീയതിയിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിയ്ക്കുകയുണ്ടായി. എന്നാൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം 1 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.ശ്യാമ.കെ.എം ന്റെ 29.01.2015 മുതൽ 02.09.2015 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, എടപ്പാൾ ഗ്രാമ പഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ശ്യാമ.കെ.എം, ക്ലാർക്ക്, എടപ്പാൾ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ധനവകുപ്പ് ( 24.06.2016 ലെ ഇ-242558/ആർബി2/16/ധന നമ്പർ കുറിപ്പ്)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(63/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ